DITTO WS

Reg. No. : ....................................

Name : ..........................................

**SY-508**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2023**

Part – II

Time : $2\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ട് ഉത്തരം തെരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. "അലകടലിൻ വേരുപറിക്കാൻ
 കുതറീ കാട്ടാളൻ". ഈ വരിയിൽ തെളിയുന്ന കാട്ടാളന്റെ ഭാവത്തിന് യോജിച്ചവ രണ്ടെണ്ണം എഴുതുക.
   - അതിയായ സന്തോഷം
   - പ്രതികാരത്തിനുള്ള ആവേശം
   - കടലിനോടുള്ള പക
   - അടങ്ങാത്ത രോഷം

2. പുലിക്കോട്ടിൽ ഹൈദറുടെ 'കത്തുപാട്ടു'കൾക്കുള്ള രണ്ടു സവിശേഷതകൾ എടുത്തെഴുതുക.
   - വാമൊഴിയോടുള്ള ഉറ്റബന്ധം
   - സങ്കര ഭാഷയിലുള്ള രചന
   - അന്ധ വിശ്വാസങ്ങളോടുള്ള എതിർപ്പ്
   - അറേബ്യൻ ചരിത്ര കൃതികളിൽ നിന്നുള്ള ഇതിവൃത്തം



P.T.O.

DITTO WS

3. “കുറവല്ലാതെ നമുക്കൊരു വസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ”. ഈ വരിയിൽ സൂചിപ്പിക്കുന്ന ആശയത്തിന് ചേരുന്നവ രണ്ടെണ്ണം എഴുതുക.
- ജന്മനാലുള്ള കുറവുകളിൽ അഭിമാനിക്കുന്നു
- കുറവുകൾ മാത്രം കേൾക്കുന്നതിലുള്ള പരിഭവം
- കൊള്ളി വാക്കുകളോടുള്ള ഇഷ്ടം
- ദാമ്പത്യ ജീവിതത്തിലെ പൊരുത്തക്കേടുകൾ

4. ‘യമുനോത്രിയുടെ ഊഷ്മളതയിൽ’ എന്ന പാഠഭാഗത്തിൽ വിവരിക്കുന്ന വസ്തുതകൾക്ക് രണ്ട് ഉദാഹരണം എടുത്തെഴുതുക.
- ഗന്ധമാന പർവ്വത സാനുക്കളിലെ പ്രകൃതി പ്രതിഭാസങ്ങൾ
- പട്ടാളക്കാരുടെ ത്യാഗപൂർണ്ണമായ ജീവിതം
- അലുമിനിയം ക്യാമ്പിലെ താമസം
- ത്രിവേണി സംഗമത്തിന്റെ പരിപാവനത

5. സാമൂഹിക സമ്പർക്ക മാധ്യമങ്ങൾക്ക് ചേരുന്നവ രണ്ടെണ്ണം എഴുതുക.
- നിരന്തര സംവാദങ്ങളുടെ ബാധ്യത
- സുരക്ഷിതമായ വ്യക്തി സ്വകാര്യത
- ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന വിളിപ്പേര്
- തൽക്ഷണ ചർച്ചകളുടെ അപര്യാപ്തത

6. “കുറ്റമില്ലാത ജനം കുറ്റമുള്ളവരേയും
ചെറ്റുനിന്ദിക്കയില്ല തമ്മുടെ ഗുണങ്ങളാൽ.” ഈ വരികൾക്ക് അനുയോജ്യമായ രണ്ട് പ്രസ്താവനകൾ എടുത്തെഴുതുക.
- പരസ്പരം കുറ്റപ്പെടുത്തുന്നവർ നല്ലവരാണ്.
- നല്ലമനുഷ്യർ മറ്റുള്ളവരെ അധിക്ഷേപിക്കാറില്ല.
- നിന്ദിക്കുന്നത് നല്ല ഗുണമാണ്.
- കുറ്റം ചെയ്തവരെപ്പോലും നന്മയുള്ളവർ കളിയാക്കില്ല.

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (3 × 2 = 6)**

7. ‘അവകാശങ്ങളുടെ പ്രശ്നം’ എന്ന കഥയിൽ ദിവാകരന്റെ ധർമ്മസങ്കടം ആവിഷ്കരിക്കുന്ന രണ്ടു സന്ദർഭങ്ങൾ എഴുതുക.

8. ‘കാക്കാരശ്ശിപ്പാട്ടി’ന്റെ രണ്ടു സവിശേഷതകൾ എഴുതുക.

9. കേശിനി ഒളിഞ്ഞുകണ്ട ബാഹുകന്റെ പ്രവൃത്തികളിൽ രണ്ടെണ്ണം എഴുതുക.

10. സച്ചിന്റെ വിടവാങ്ങൽ ചടങ്ങുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് അവിസ്മരണീയമായി തോന്നിയ രണ്ടു സന്ദർഭങ്ങൾ ഏതെല്ലാം ?

DITTO WS

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(6 × 4 = 24)**

11. മാതൃഭാഷ ഭരണ ഭാഷയാക്കുമ്പോഴുള്ള പ്രയോജനത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

12. നഷ്ടപ്പെട്ട 'കാട്ജിനെ'യെ വീണ്ടെടുക്കുന്നതിൽ ടോട്ടോയും ജോവലും വിജയിച്ചോ ? നിങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കുക.

13. മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വില്ക്കുന്ന തെരുവിൽ സ്വന്തം മാതാപിതാക്കളുടെ ചിത്രങ്ങൾ ദിവാകരന് ലഭിക്കാതെ പോയത് എന്തുകൊണ്ടാവാം ?

14. ദാരിദ്ര്യകാലത്തെ മറികടന്ന് ഹൈദരലിക്ക് കലാമണ്ഡലത്തിൽ സംഗീതം പഠിക്കാൻ കഴിഞ്ഞത് എങ്ങനെയാണ് ?

15. 'മോഷണ'വും 'തേങ്ങ'യും നല്കുന്ന ഗുണപാഠം സമാന സ്വഭാവം പുലർത്തുന്നതാണോ ? വ്യക്തമാക്കുക.

16. 'പൗരാണിക സ്മരണകളുടെ പൂങ്കാവന'മെന്ന് എസ്. കെ. പൊറ്റെക്കാട്ട് ബദരിയെ വിശേഷിപ്പിച്ചത് ഉചിതമാണോ ? നിങ്ങളുടെ കണ്ടെത്തലുകൾ എഴുതുക.

17. റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ തുടങ്ങിയ പരമ്പരാഗത മാധ്യമങ്ങൾക്ക് പകരമാവുമോ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)** **(3 × 6 = 18)**

18. സജ്ജനങ്ങളുടെയും ദുർജ്ജനങ്ങളുടെയും സ്വഭാവ വ്യത്യാസങ്ങൾക്ക് ശകുന്തള ചൂണ്ടിക്കാട്ടുന്ന ഉദാഹരണങ്ങൾ വിവരിച്ചുകൊണ്ട്, അവയുടെ സമകാലിക പ്രസക്തി ചർച്ച ചെയ്യുക.

19. അധികാരം കൈയാളുന്ന കഥാപാത്രങ്ങൾ പരിഹാസ്യരാകുന്നുണ്ടോ ? കൊത്തുവാൾ, രാജഗുരു, വിദൂഷകൻ എന്നീ കഥാപാത്രങ്ങളെ മുൻനിർത്തി പരിശോധിക്കുക.

20. "കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം." ശീലാവതിയെകൊണ്ട് ഇപ്രകാരം പറയാനിടയാക്കിയ സാഹചര്യങ്ങൾ വിശകലനം ചെയ്യുക.

21. "ജീവിതകാലം മുഴുവൻ ചെലവഴിച്ചാലും സൈബർ സ്പെയ്സിന്റെ ഒരംശംപോലും തനിക്കു ചുറ്റികാണുവാൻ കഴിയുകയില്ല" (കൈയൊപ്പില്ലാത്ത സന്ദേശം) ശ്രീധരൻ അനുഭവിക്കുന്ന സംഘർഷം ഇന്നത്തെ തലമുറയുടേതു കൂടിയാണോ ? പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുക.

DITTO WS

**ചുവടെ തന്നിട്ടുള്ള ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)** **(3 × 2 = 6)**

ജഡമായിക്കഴിഞ്ഞ പാരമ്പര്യത്തിന്റെ ശീലങ്ങൾ പിന്തുടരാൻ ശ്രമിച്ച കാവ്യരീതികളെ ഇരുപതാം നൂറ്റാണ്ടിലെ കവിത തിരസ്കരിച്ചു. പ്രധാനമായും മൂന്നുധാരകൾ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലെ മലയാള കവിതയിൽ സമാന്തരമായി നില നിന്നതുകാണാം. കേരള വർമ്മയും മറ്റും നിലകൊണ്ട നിയോക്ലാസിക് പാരമ്പര്യവും രാജരാജവർമ്മ പ്രതിനിധാനം ചെയ്ത നവീകരണ പരമായ ധാരയും കൊടുങ്ങല്ലൂർ കളരിയുടെ നേതൃത്വത്തിലുള്ള വെണ്മണി വഴിയും. സാമ്പ്രദായികമായ ഭാരതീയ കാവ്യബോധത്തിന്റെയും ദർശന പദ്ധതികളുടെയും അടിസ്ഥാനത്തിലാണ് ഈ മൂന്നുധാരകളും വികസിച്ചു വന്നത്. ആവിഷ്കരണത്തിന്റെ രീതിഭേദമായിരുന്നു അവയുടെ വ്യത്യസ്തത. സംസ്കൃത ബദ്ധമായ കാവ്യഭാഷയോടും കാവ്യരൂപങ്ങളോടും അടിമത്തത്തോളമെത്തുന്ന വിധേയത്വം പുലർത്തുകയും പാണ്ഡിത്യ പ്രധാനവും സങ്കേതബദ്ധവുമായ ശൈലിയിൽ എഴുതുകയുമായിരുന്നു നിയോക്ലാസിക് കവികൾ. മഹാകാവ്യവും ചമ്പുവും ദണ്ഡകവുമൊക്കെയായിരുന്നു ശബ്ദഭംഗിയിൽ മാത്രം രമിച്ച ഈ ഭ്രംശക്ലാസിസത്തിന്റെ പ്രിയപ്പെട്ട കാവ്യരൂപങ്ങൾ. കാവ്യഭാഷയിലെ സംസ്കൃതമേൽക്കോയ്മയ്ക്കും പ്രമേയത്തിലെ ആഢ്യതയ്ക്കുമെതിരായ നിരോധാനമായിരുന്നു വേണ്മണിപാരമ്പര്യത്തിന്റെ പച്ച മലയാളം. പക്ഷേ അവിടെ കവിത വിനോദമായിത്തീർന്നു.

22. ലേഖകന്റെ അഭിപ്രായത്തിൽ മലയാള കവിതയിലെ മൂന്നുധാരകൾ ഏതെല്ലാമാണ് ?

23. നിയോക്ലാസിക് കവികളുടെ രചനാപരമായ പ്രത്യേകതകൾ എഴുതുക.

24. പച്ചമലയാളം വ്യത്യസ്തമായത് എങ്ങനെ ?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ വീതം)** **(2 × 8 = 16)**

25. തിന്മയുടെ ആധിക്യത്താലുള്ള പരിസ്ഥിതി നാശവും അതിനെ വീണ്ടെടുക്കാനുള്ള കാട്ടാളന്റെ കഠിന ശ്രമങ്ങളുമാണോ 'കിരാതവൃത്തം' എന്ന കവിത ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

26. 'പുലിക്കോട്ടിൽ ഹൈദറി'നെ മറ്റു മാപ്പിളപ്പാട്ട് രചയിതാക്കളിൽ നിന്ന് വ്യത്യസ്തനാക്കുന്നത് പ്രമേയത്തിലെ കേരളീയതയും സ്ത്രീപക്ഷ ചിന്തകളുമാണ്. പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.

27. മനുഷ്യർ കാണാത്തതും ഗൗളികൾ കാണുന്നതുമായ മനുഷ്യത്വരാഹിത്യത്തിന്റെ നിരവധി ചിത്രങ്ങൾ അവതരിപ്പിക്കുന്ന കഥയാണ് 'ഗൗളിജന്മം'. കഥാസന്ദർഭങ്ങളെ ആസ്പദമാക്കി വിലയിരുത്തുക.

---